**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025-ഓടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ ഏർപ്പെടുത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച സജ്ജീകരണങ്ങൾ എന്തൊക്കെയാണ്; | (എ) | കേന്ദ്ര സർക്കാർ 19.08.2021-ൽ പ്രസിദ്ധികരിച്ച ഗസറ്റ് വിജ്ഞാപനം പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷ നുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ, ഡി.പി.ആർ മുതലായവ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഡി.ആർ.സി – കമ്മിറ്റിയുടെ ശുപാർശയും സംസ്ഥാന മന്ത്രിസഭയുടെ അനുമതിയും ലഭ്യമാക്കി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരിക്കുന്നു. |
| (ബി) | ഇത് വൈദ്യുതി ബോർഡിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കാമോ? | (ബി) | മീറ്റർ വിലയുടെ 15% (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി “റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം” പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി തുക സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ